(ഇ) 23 പേർ.

(എഫ്) എസ്. സി. ഇ. ആർ. ടി.-യിൽ പി. ആർ. ഒ. ആയി കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.

(ജി) ഉണ്ട്.

(എച്ച്) (1) എസ്. സി. ഇ. ആർ. ടി.-യുടെ ഗവേണിംഗ് ബോഡിയുടെ അംഗീകാരം

(2) ഗവേണിംഗ് ബോഡി അംഗീകരിച്ചിട്ടുള്ള സർവ്വീസ് റെഗുലേഷൻസ് പ്രകാരമുള്ള വിദ്യാഭ്യാസ യോഗ്യത.

പാലക്കാട് ജില്ലയിൽ അനുവദിക്കപ്പെട്ട സ്കൂളുകൾ

94 [5754] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം പാലക്കാട് ജില്ലയിൽ എത്ര പ്ലസ് ടു സ്കൂളുകൾ അനുവദിച്ചിട്ടുണ്ട്;

(ബി) മണ്ഡലം തിരിച്ച് വിശദാംശം വ്യക്തമാക്കാമോ;

(സി) ആലത്തൂർ മണ്ഡലത്തിൽ ഏതെല്ലാം സർക്കാർ സ്കൂളുകളിലാണ് പ്ലസ് ടു നിലവിലില്ലാത്തത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്ലസ് ടു-വിന് വേണ്ടി അപേക്ഷ നൽകിയിട്ടുള്ള ആലത്തൂർ മണ്ഡലത്തിലെ എല്ലാ ഗവൺമെന്റ് സ്കൂളുകൾക്കും മറ്റ് എയ്ഡഡ് സ്കൂളുകളിൽ പ്രധാനപ്പെട്ടവയ്ക്കും പ്ലസ് ടു തുടങ്ങാൻ അനുമതി നൽകുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 21 പ്ലസ് ടു സ്കൂളുകൾ അൺ എയ്ഡഡ് മേഖലയിൽ അനുവദിച്ചിട്ടുണ്ട്.

(ബി, സി) നിയോജകമണ്ഡലം അടിസ്ഥാനത്തിലല്ല സ്കൂളുകൾ അനുവദിച്ചിട്ടുള്ളത്.

(ഡി) ഇത്തരം ഒരു നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലില്ല.

ഇടുക്കി ജില്ലയിലെ എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി

95 [5755] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly